بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 06.05.2022

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ ഇസ്‌ലാമാബാദിലുളള മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.***

## ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 17

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِکِ يَوۡمِ الدِّيۡنِ ○ اِيَّاکَ
نَعۡبُدُ وَاِيَّاکَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ
عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

മുൻ ഖുത്ബകളിൽ ഹദ്റത് അബൂബക്കർ സിദ്ധീഖ്(റ)നെക്കുറിച്ചു പരാമർശിച്ചതിലെ സൈനികസംഘങ്ങളെ അയയ്ക്കുന്നതിനെ സംബന്ധിച്ച് കുറച്ച് വിശദാംശങ്ങൾ നൽകാൻ ഞാൻ ആഗ്രഹിക്കുന്നു; അതിലൂടെ അക്കാലത്തെ സാഹചര്യത്തിന്റെ തീവ്രതയെ സംബന്ധിച്ച് കുറച്ച് ധാരണ ലഭിക്കുന്നതാണ്.

മുമ്പ് സൂചിപ്പിച്ചതുപോലെ, അയച്ചിരുന്ന പതിനൊന്ന് സംഘങ്ങളിൽ ആദ്യസംഘത്തിന്റെ വിശദാംശങ്ങൾ ഇപ്രകാരമാണ്, തുലൈഹ ബിൻ ഖുവൈലിദ്, മാലിക് ബിൻ നുവൈറ, സജ്ജാദ് ബിൻ ഹാരിസ്, മുസൈലിമ കദ്ദാബ് തുടങ്ങിയ കലാപകാരികളായ മുർത്തദ്ദീങ്ങളേയും കള്ളപ്പ്രവാചകന്മാരേയും ഇല്ലാതാക്കാനാണ് അയച്ചിരുന്നത്. ഹദ്റത്ത് അബൂബക്കർ സിദ്ദിഖ്(റ), ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ)ന് ഒരു പതാക നൽകിക്കൊണ്ട് തുലൈഹ ബിൻ ഖുവൈലിദിനെ നേരിടാൻ ഉത്തരവിട്ടു. അതിൽ നിന്നും വിരമിച്ച ശേഷം ബുത്വാഇൽ (വെച്ച്) മാലിക് ബിൻ നുവൈറയുമായി യുദ്ധം ചെയ്യണം. അയാൾ വാശിപിടിക്കുകയാണെങ്കിൽ വീണ്ടും യുദ്ധം ചെയ്യണം. ഒരു നിവേദനമനുസരിച്ച്, അദ്ദേഹം ഹദ്റത്ത് സാബിത്ത് ബിൻ ഖൈസിനെ അൻസാറുകളുടെ അമീറായി നിയമിക്കുകയും ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ കീഴിലാക്കുകയും ഹദ്റത്ത് ഖാലിദ്(റ)നോട് തുലൈഹയ്ക്കെതിരെയും ഉയൈന ബിൻ ഹിസ്നെതിരെയും നീങ്ങാൻ ഉത്തരവിടുകയും ചെയ്തു. അവർ ബനൂഅസദിന്റെ ഒരു അരുവിയായ ബുസാഖയിൽ തമ്പടിച്ചിരുന്നു.

ഹദ്റത്ത് അബൂബക്കർ(റ), ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ)ന് മതപരിത്യാഗികളോട് യുദ്ധം ചെയ്യാൻ പതാക കെട്ടിയപ്പോൾ പറഞ്ഞു: ഖാലിദ് ബിൻ വലീദ്(റ) വളരെ നല്ല ദാസനും നമ്മുടെ സഹോദരനും സത്യനിഷേധികൾക്കും കപടവിശ്വാസികൾക്കുമെതിരെ അല്ലാഹു ഉയർത്തിയ അല്ലാഹുവിന്റെ വാളുകളിൽ ഒന്നാണെന്നും അല്ലാഹുവിന്റെ റസൂൽ(സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഹദ്റത്ത് അബൂബക്കർ(റ) ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ)നെ തുലൈഹയ്ക്കും ഉയൈനക്കും എതിരെ അയച്ചു. ഈ രണ്ട് എതിരാളികളേയും ഹ്രസ്വമായി പരിചയപ്പെടുത്താം.

കള്ളപ്രവാചന്മാരിൽ ഒരാളായിരുന്ന തുലൈഹ ബിൻ ഖുവൈലിദ് ബ്നു നൗഫലുബ്നു നസ്‌ല അൽ അസദി അല്ലാഹുവിന്റെ റസൂൽ(സ)ന്റെ ജീവിതത്തിന്റെ അവസാനഘട്ടത്തിൽ ആണ് പ്രത്യക്ഷപ്പെട്ടത്. അയാൾ റസൂൽ(സ)ന്റെ ജീവിത കാലത്തുതന്നെ മുർത്തദ്ദായി. തുടർന്ന് നുബുവ്വത്ത് വാദിക്കാൻ തുടങ്ങി. സമീറാഅ്നെ തന്റെ സൈനീക കേന്ദ്രമാക്കി.

അയാൾ നുബുവ്വത്ത് വാദിച്ചപ്പോൾ സാധാരണക്കാർ അയാളുടെ അനുയായികളായി. ജനങ്ങൾ വഴിതെറ്റിയതിന്റെ ആദ്യ കാരണം തന്റെ ആളുകളുമായി ഒരു യാത്രയിൽ ആയിരുന്ന അദ്ദേഹം വെള്ളം തീർന്ന സമയത്ത് ആളുകൾക്ക് ദാഹിച്ചപ്പോൾ ആളുകളോട് പറഞ്ഞു: നിങ്ങൾ എന്റെ കുതിരപ്പുറത്ത് കുറച്ച് മൈലുകൾ പോകുക, അവിടെ നിങ്ങൾക്ക് വെള്ളം ലഭിക്കും. അവർ അങ്ങനെ ചെയ്തു; അവർക്ക് വെള്ളം ലഭിച്ചു. അതിനാൽ ഗ്രാമവാസികൾ ഈ പ്രലോഭനത്തിന് ഇരയായി (അയാളുടെ വലയിൽ അകപ്പെട്ടു.) അയാളുടെ നിരർഥകമായ കാര്യങ്ങളിൽ ഒന്ന് നിസ്കാരത്തിൽ നിന്ന് സുജൂദ് ഒഴിവാക്കിയതാണ്. വെളിപാട് അദ്ദേഹത്തിന് ആകാശത്തുനിന്ന് കിട്ടുന്നുവെന്ന് അഹങ്കരിച്ചിരുന്നു, കൂടാതെ അയാൾ നല്ല സാഹിത്യമുള്ള വാചകങ്ങൾ വെളിപാടായി സമർപ്പിച്ചിരുന്നു. ജാഹിലിയ്യാ കാലത്ത് ജോതിഷികൾ സാഹിത്യമുള്ള പദപ്രയോഗങ്ങൾ ജനങ്ങൾക്ക് മുന്നിൽ അവതരിപ്പിച്ച് അവർക്കുമേൽ മേൽക്കോയ്മ സ്ഥാപിക്കാൻ ശ്രമിച്ചിരുന്നുവെന്ന് ചരിത്രത്തിൽ നിന്ന് അറിയാൻ സാധിക്കുന്നു. ജോതിഷിയായിരുന്ന തുലൈഹ അസദിയുടെ ആത്മാവ് അയാളെ വഞ്ചിക്കുകയാണുണ്ടായത്.

അദ്ദേഹത്തിന്റെ പ്രശ്നം ഗുരുതരമാവുകയും ശക്തി വർധിക്കുകയും ചെയ്തു. അല്ലാഹുവിന്റെ റസൂൽ(സ) അയാളുടെ കാര്യമറിഞ്ഞപ്പോൾ, അയാളോട് യുദ്ധം ചെയ്യാൻ അദ്ദേഹം സറാർ ബിൻ അസ്വർ അസദിയെ അയച്ചു. എന്നാൽ ആ സമയം സറാർ മതിയായിരുന്നില്ല. സമയം നീങ്ങുന്നതോടൊപ്പം അയാളുടെ ശക്തി

യും വർധിച്ചിരുന്നു. പ്രത്യേകിച്ച് അസദിന്റെയും ഗത്ഫാന്റെയും സഖ്യകക്ഷികൾ അദ്ദേഹത്തിൽ വിശ്വസിച്ചതിനുശേഷം അയാളുടെ ശക്തി കൂടുതൽ വർധിച്ചു. റസൂൽ(സ) വഫാത്തായി; തുലൈഹയുടെ പ്രശ്നം തീരുമാനമായില്ല. ഹദ്റത്ത് അബൂബക്കർ ഖിലാഫത്തിന്റെ ഭരണം ഏറ്റെടുക്കുകയും കലാപകാരികളായ മതപരിത്യാഗികളെ ഒതുക്കാൻ ഒരു സൈന്യത്തെ തയ്യാറാക്കുകയും നേതാക്കളെ നിയമിക്കുകയും ചെയ്തപ്പോൾ, ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ)ന്റെ നേതൃത്വത്തിൽ അദ്ദേഹം ഒരു സൈന്യത്തെ അയച്ചു. അവർ മതപരിത്യാഗികളോ പ്രവാചകത്വത്തിന്റെ അവകാശികളോ മാത്രമായിരുന്നില്ല; മുസ്‌ലിംകൾക്കെതിരെ യുദ്ധം ചെയ്യുകയും അവരെ ദ്രോഹിക്കാൻ ശ്രമിക്കുകയും ചെയ്തവരുമായിരുന്നു.

ഉയൈന ബിൻ ഹിസ്ൻ മക്കാ വിജയത്തിനു മുമ്പ് ഇസ്‌ലാം സ്വീകരിച്ചു. കൂടാതെ ഹുനൈൻ തായിഫ് യുദ്ധങ്ങളിലും അദ്ദേഹം പങ്കെടുത്തു. പിന്നീട് അബൂബക്കർ സിദ്ദീഖ്(റ)ന്റെ കാലത്ത്, കലാപകാരികളായ വിശ്വാസത്യാഗികൾക്കൊപ്പം ഈ മുർത്തദ്ദീങ്ങളുടെ ഫിത്നകളിൽ അകപ്പെടുകയും തുലൈഹയിലേക്ക് ചായുകയും അയാളിൽ ബൈഅത്തു ചെയ്യുകയും ചെയ്തു. എന്തായാലും അവസാനം അയാൾ ഇസ്‌ലാമിലേക്ക് തിരിച്ചു വന്നിരുന്നു.

അബസും ദുബ്‌യാനും അവരുടെ അനുയായികളും ബുസാഖയിൽ ഒത്തുകൂടിയപ്പോൾ, ത്വേ ഗോത്രത്തിലെ രണ്ട് ശാഖകളായ ബനൂ ജദീലയെയും ഗൗസിനെയും എത്രയും പെട്ടെന്ന് തന്റെ അടുക്കൽ വരാൻ ആവശ്യപ്പെട്ട് തുലൈഹ ആളെയയച്ചു, അങ്ങനെതന്നെ സംഭവിക്കുകയും ചെയ്തു. ദുൽഖിസ്സയിൽ നിന്ന് ഹദ്റത്ത് ഖാലിദ് ബിൻ വലീദിനെ അയക്കുന്നതിന് മുമ്പ്, ഹദ്റത്ത് അബൂബക്കർ(റ) ഹദ്റത്ത് അദിയ്യ്(റ)നോട് പറഞ്ഞു: 'നിന്റെ ജനതയായ ത്വേ ഗോത്രത്തിന്റെ അടുത്തേക്ക് പോകുക; അവർ നശിച്ചുപോകാതിരിക്കാൻ.

ഹദ്റത്ത് അദ്ദിയ്യ്(റ) തന്റെ ആളുകളുടെ അടുത്ത് വന്ന് അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും അവരെ ഭയപ്പെടുത്തുകയും ചെയ്തു. അവർ പറഞ്ഞു: അബൂ അൽഫസീലിനെ ഒരിക്കലും അനുസരിക്കില്ല. (അബൂബക്കർ(റ)നെ അബൂഅൽഫസീൽ - ഒട്ടകക്കുട്ടിയുടെ പിതാവ് എന്ന് നിന്ദാപൂർവം പറയുമായിരുന്നു.) ഒരിക്കലും കരുണ കാണിക്കാത്ത ഒരു സൈന്യം നിങ്ങളുടെ അടുക്കൽ വരുന്നുണ്ടെന്നും ആർക്കും സമാധാനം ലഭിക്കാത്തവിധം കൊലപാതകങ്ങൾ നടക്കുന്നതുമാണെന്നുമൊക്കെ മുന്നറിയിപ്പ് നൽകികൊണ്ട് ഹദ്റത്ത് അദിയ്യ് പറഞ്ഞു: പിന്നീട് ആ സമയത്ത് നിങ്ങൾ അബൂബക്കർ(റ)നെ ഫഹലുൽ അക്ബർ (മുതിർന്ന ആൺ മൃഗം) എന്നു വിളിക്കുന്നതായിരിക്കും. ത്വേ ഗോത്രക്കാർ ഈ കാര്യങ്ങൾ കേട്ടതിനുശേഷം പറഞ്ഞു: പോകൂ. അധിനിവേശ സൈന്യത്തെ കണ്ടുമുട്ടുകയും ബുസാഖയിലുള്ള നമ്മുടെ ഗോത്രത്തിലെ ആളുകളെ തിരികെ വിളിക്കുന്നതുവരെ ഞങ്ങളെ ആക്രമിക്കുന്നത് തടയുകയും ചെയ്യുക. ഞങ്ങളുടെ ആളുകളെ കൈവശം വെച്ചിരിക്കുമ്പോൾ തുലൈഹയെ എതിർത്താൽ അവൻ അവരെയെല്ലാം കൊല്ലുകയോ തടവിലാക്കുകയോ ചെയ്യുമെന്ന് ഞങ്ങൾ ഭയപ്പെടുന്നു.

ഹദ്റത്ത് അദിയ്(റ) ഹദ്റത്ത് ഖാലിദ്(റ)ന് തന്റെ ഗോത്രം ത്വേ ഇസ്‌ലാമിലേക്ക് വീണ്ടും പരിവർത്തനം ചെയ്ത വിവരം അറിയിച്ചതും തുടർന്ന് മേൽപറഞ്ഞ കാര്യങ്ങളേയും പറ്റി ഒരു എഴുത്തുകാരൻ എഴുതിയിട്ടുള്ളത്, അദ്ദേഹം തന്റെ ഗോത്രത്തെ ഇസ്‌ലാമിക സൈന്യത്തിൽ ചേരാൻ ക്ഷണിച്ചത് ഹദ്റത്ത് അദിയ്യ്(റ)ന്റെ മഹത്തായ നേട്ടമാണ്.

ബനൂ ത്വേ ഗോത്രം ഖാലിദിന്റെ സൈന്യത്തിൽ ചേർന്നത് ശത്രുക്കൾക്കുണ്ടായ ആദ്യ പരാജയമായിരുന്നു. കാരണം ബനൂ ത്വേ ഗോത്രം അറേബ്യയിലെ ഏറ്റവും ശക്തരായ ഗോത്രങ്ങളിൽ ഒന്നായി കണക്കാക്കപ്പെടുകയും മറ്റ് ഗോത്രങ്ങൾ അവരെ വിലമതിക്കുകയും ചെയ്തിരുന്നു.

പിന്നീട് ജദീല ഗോത്രത്തോട് മത്സരിക്കണമെന്ന ആശയവുമായി ഹദ്റത്ത് ഖാലിദ്(റ) അൻസറിലേക്ക് നീങ്ങി. ഇതിനെ തുടർന്ന് ഹദ്റത്ത് അദിയ്യ് ഹദ്റത്ത് ഖാലിദിനോട് പറഞ്ഞു: ത്വേ ഗോത്രത്തിന്റെ ഉദാഹരണം ഒരു പക്ഷിയെപ്പോലെയാണെന്നും ജദീലയുടെ ഗോത്രം അതിന്റെ ഒരു ചിറകുമാകുന്നു. എനിക്ക് കുറച്ച് ദിവസത്തെ സാവകാശം തരൂ. ഒരു പക്ഷേ അല്ലാഹു ജദീലയേയും നേർവഴിയിൽ കൊണ്ടുവന്നേക്കാം; ത്വേ ഗോത്രത്തിന്റെ മറ്റൊരു ശാഖയായ ഗൗസിനെ വഴികേടിൽനിന്നും രക്ഷപ്പെടുത്തിയതുപോലെ. അങ്ങനെ, ഹദ്റത്ത് അദിയ്യിന്റെ നിരന്തര സംഭാഷണത്തിന്റെ ഫലമായി, അവരും ഹദ്റത്ത് അദിയ്യിനോട് ബൈഅത്തു ചെയ്യുകയും ജദീല ഗോത്രത്തിലെ ആയിരം സവാരികളുമായി മുസ്‌ലിംകളുടെ അടുത്തേക്ക് വരികയും ചെയ്തു.

ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ) ത്വേ ഗോത്രം ഇസ്‌ലാം സ്വീകരിച്ചശേഷം തുലൈഹ അസദിന്റെ അടുക്കലേക്ക് നീങ്ങി. ശത്രുവിനെക്കുറിച്ചുള്ള വാർത്തകൾ അറിയിക്കാൻ അദ്ദേഹം ഹദ്റത്ത് ഉക്കാശ ബിൻ മിഹ്സനേയും ഹദ്റത്ത് സാബിത് ബിൻ അഖ്റമിനെയും അയച്ചെങ്കിലും ശത്രു അവരെ രണ്ടുപേരെയും ശഹീദാക്കി. ഈ സാഹചര്യത്തിന്റെ ഫലമായി, ഹദ്റത്ത് ഖാലിദ് യുദ്ധത്തിനായി തന്റെ സൈന്യത്തെ അണിനിരത്താൻ തുടങ്ങി; ഇരുവരും ബുസാഖയിൽവെച്ചു യുദ്ധം ചെയ്തു. അവർ പരാജയപ്പെട്ടു. തുലൈഹ കുതിരപ്പുറത്ത് കയറി തന്റെ ഭാര്യയെയും കയറ്റി, എന്നിട്ട് ഓടിരക്ഷപ്പെട്ടു. തന്റെ കൂട്ടാളികളോട് പറഞ്ഞു:

നിങ്ങളിൽ കഴിയുന്നവർ യുദ്ധക്കളത്തിൽ നിന്ന് ഓടി രക്ഷപ്പെടുക. ഒരു നിവേദനമനുസരിച്ച്, തുലൈഹ യുദ്ധക്കളത്തിൽ നിന്ന് ഓടിപ്പോയി നഖയിലെ ബനൂ ഖൽബിനടുത്ത് താമസിക്കുകയും അവിടന്ന് ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു.

അല്ലാഹു ബനൂഫസാറയെയും തുലൈഹയെയും ദയനീയമായി പരാജയപ്പെടുത്തിയപ്പോൾ, ബനൂ അമീറും സുലൈം ഗോത്രങ്ങളും ഹവാസനും ഞങ്ങൾ വിട്ടുപോയ മതത്തിലേക്ക് വീണ്ടും പ്രവേശിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് വന്നു. അവർ സ്വയം തന്നെ ഇസ്‌ലാം സ്വീകരിച്ചു.

മതഭ്രഷ്ടരായിരുന്ന അവസ്ഥയിൽ മുസ്‌ലിംകളെ ചുട്ടുകൊല്ലുകയും മൃതശരീരങ്ങളെ വികൃതമാക്കുകയും മുസ്‌ലിംകളെ ആക്രമിക്കുകയും ചെയ്തിരുന്ന ബനൂ അമീർ, അസദ്, ഗത്ഫാൻ, ഹവാസൻ, സുലൈം ഗോത്രം, ത്വേ എന്നിവരിലെ എല്ലാവരേയും മുസ്‌ലിംകൾക്ക് കൈമാറുന്നതുവരെ ഇവരുടെ ആരുടെയും ബൈഅത്ത് ഹദ്റത്ത് ഖാലിദ്(റ) സ്വീകരിച്ചില്ല. ഹദ്റത്ത് അബൂബക്കർ(റ)ന്റെ സമക്ഷത്തിലേക്ക് അദ്ദേഹം (ഇതിന്റെ) വിശദാംശങ്ങൾ അയച്ചു.

ഹദ്റത്ത് അബൂബക്കർ(റ) മറുപടിയായി എഴുതിയത്: നിങ്ങൾ ചെയ്തതിനും നിങ്ങൾ വിജയം നേടിയതിനും അല്ലാഹു നിങ്ങൾക്ക് പ്രതിഫലം നൽകട്ടെ, നിങ്ങൾ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും അല്ലാഹുവിനെ സൂക്ഷിക്കുക, إِنَّ اللّٰهَ مَعَ الَّذِينَ اتَّقَوْا وَّالَّذِينَ هُمْ مُّحْسِنُونَ തീർച്ചയായും അല്ലാഹു സൂക്ഷ്മത കൈകൊള്ളുകയും നന്മ ചെയ്യുകയും ചെയ്യുന്നവരോടൊപ്പമാണ്. നിങ്ങൾ അല്ലാഹുവിന്റെ കാര്യത്തിൽ നല്ലപോലെ പ്രയത്നിക്കുക. അലംഭാവം കാണിക്കരുത്. അല്ലാഹുവിന്റെ കൽപ്പന ധിക്കരിക്കുകയും ഇസ്‌ലാമിനോടു ശത്രുത കാണിക്കുകയും ചെയ്യുന്നവരെ വധിക്കുന്നതുകൊണ്ട് ഇസ്‌ലാമിനു ഉപകാരമുണ്ടെങ്കിൽ വധിക്കാവുന്നതാണ്. ഹദ്റത്ത് ഖാലിദ്(റ) ഒരു മാസത്തോളം ബുസാഖയിൽ താമസിച്ചു, ഹദ്റത്ത് അബൂബക്കർ(റ)ന്റെ നിർദേശപ്രകാരം കുറ്റവാളികൾക്ക് കഠിനമായ ശിക്ഷയും നൽകി.

ഹദ്റത്ത് ഖാലിദ്, ബനൂആമീറിന്റെ കാര്യം തീർപ്പാക്കി, അവരോട് ബൈഅത്തു വാങ്ങിയതിനുശേഷം ഉയൈന ബിൻ ഹസനെയും ഖുർറ ബിൻ ഹുവൈറയെയും തടവിലാക്കി ഹദ്റത്ത് അബൂബക്കർ(റ)ന്റെ അടുക്കലേക്കയച്ചു. ഹദ്റത്ത് അബൂബക്കർ(റ) അവർക്കു മാപ്പു നൽകുകയും അവരുടെ ജീവനെ സംരക്ഷിക്കുകയും ചെയ്തു.

ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ സഫറിലേക്കുള്ള പുറപ്പാടും, ഉമ്മു സമൽ സൽമാ ബിൻത്ത് മാലിക് ബിൻത്ത് ഹുദൈഫ, ഖാലിദിബ്നു വലീദിനാൽ പരാജയം നേരിട്ടിരുന്ന ഗത്ഫാൻ, ഹവാസൻ, സലീം ത്വേ ഗോത്രക്കാരുടെ തോൽവിയിൽ തന്റെ അഭിമാനം ആവേശം കൊണ്ടുകൊണ്ട് വിവിധ ഗോത്രങ്ങളെ ആവർത്തിച്ച് സന്ദർശിച്ച് അവരെ യുദ്ധത്തിന് പ്രേരിപ്പിച്ചു. തുടർന്ന് നടന്ന ഉഗ്രമായ യുദ്ധവും ഉമ്മെ സമലിന്റെ വധവും ബാക്കിയുള്ള അനുയായികളുടെ പരിഭ്രമവും രക്ഷപ്പെടലും വിശദീകരിച്ച ശേഷം ഹുസൂർ തിരുമനസ്സ് പറഞ്ഞു: അങ്ങനെ രാജ്യദ്രോഹത്തിന്റെ തീ അണഞ്ഞു. അറേബ്യൻ ദ്വീപിന്റെ വടക്കുകിഴക്കൻ ഭാഗത്ത് വിശ്വാസത്യാഗവും കലാപവും അവസാനിച്ചു.

ഹദ്റത്ത് അബൂബക്കർ(റ)നെക്കുറിച്ച് തുടർന്നും പരാമർശിക്കുന്നതാണ്.

സിയാൽക്കോട്ടിലെ ബഹുമാന്യ റഫീഖ് അഹമ്മദ് ബട്ട് സാഹിബിന്റെ ഭാര്യ സ്വാബിറ ബീഗം സാഹിബയുടെയും ഇപ്പോൾ കാനഡയിൽ താമസിക്കുന്ന റശീദ് അഹമ്മദ് ബാജ്വ സാഹിബിന്റെ ഭാര്യ സുരയ്യാ റശീദ് സഹിബയേയും അനുസ്മരിക്കുകയും (ജമാഅത്തീ സേവനങ്ങളെ പരാമർശിക്കുകയും) ചെയ്തുകൊണ്ട് ഹുസൂർ തിരുമനസ്സ് ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയുണ്ടായി.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 06.05.2022

Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**